**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3469** **26-06-2024 - ൽ മറുപടിയ്ക്ക്**

**ഭൂമിയുടെ തരം മാറ്റത്തിന് കാസർകോട് ജില്ലയിൽ നിന്നും ലഭിച്ച അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭൂമിയുടെ തരം മാറ്റത്തിന് കാസർകോട് ജില്ലയിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് റവന്യൂ ഡിവിഷണൽ ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ; | (എ) | ഭൂമി തരം മാറ്റത്തിന് കാസർഗോഡ് ജില്ലയിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം സംബന്ധിച്ച റവന്യൂ ഡിവിഷണൽ ഓഫീസ് തിരിച്ചുള്ള വിവരം അനുബന്ധം എ ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത അപേക്ഷകൾ എപ്പോഴാണ് ലഭിച്ചതെന്നും തീർപ്പ് കൽപ്പിച്ചതെപ്പോഴാണെന്നും വ്യക്തമാക്കാമോ; | (ബി) | 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം നിലവിൽ വന്നതു മുതൽ 10.01.2022 വരെ ഓഫ് ലൈൻ ആയും, അതിനു ശേഷം ഓൺലൈൻ ആയും ഭൂമി തരം മാറ്റത്തിനായി അപേക്ഷകൾ ലഭിക്കുന്നുണ്ട്. ഇപ്രകാരം 2022-2024 കാലയളവിൽ ലഭിച്ച അപേക്ഷകളിൽ, കൃഷി ഓഫീസറുടെയും വില്ലേജ് ഓഫീസറുടെയും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്കും, മുൻഗണനാക്രമം പാലിച്ച് കൊണ്ടും, നിയമാനുസൃതം അർഹതയുള്ള അപേക്ഷകൾ യഥാസമയം തീർപ്പാക്കി വരുന്നുണ്ട്. |
| (സി) | പ്രസ്തുത അപേക്ഷകൾ തീർപ്പ കൽപ്പിച്ചത് വഴി സർക്കാരിന് ലഭിച്ച വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ; ; | (സി) | പ്രസ്തുത അപേക്ഷകൾ തീർപ്പ കൽപ്പിച്ചത് വഴി സർക്കാരിന് ലഭിച്ച വരുമാനം സംബന്ധിച്ച വിവരം അനുബന്ധം ബി ആയി ചേർക്കുന്നു. |
| (ഡി) | തീർപ്പ് കൽപ്പിക്കാൻ ബാക്കിയുള്ള അപേക്ഷകൾ എത്രയാണെന്ന് റവന്യൂ ഡിവിഷണൽ ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ; | (ഡി) | തീർപ്പ് കൽപ്പിക്കാൻ ബാക്കിയുള്ള അപേക്ഷകൾ എത്രയാണെന്ന് റവന്യൂ ഡിവിഷണൽ ഓഫീസ് തിരിച്ച് അനുബന്ധം സി ആയി ചേർക്കുന്നു. |
| (ഇ) | പ്രസ്തുത അപേക്ഷകൾ ലഭിച്ചതെപ്പോഴാണെന്നും തീർപ്പ് കൽപ്പിക്കാൻ വൈകുന്നതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കാമോ; | (ഇ) | 2022-2024 കാലയളവിൽ ലഭിച്ച അപേക്ഷകളിൽ റിപ്പോർട്ടുകൾ ലഭ്യമായിട്ടുള്ളതും ചട്ടപ്രകാരം അഹർതയുള്ളതുമായ കേസുകൾ മുൻഗണനാക്രമം അനുസരിച്ച് തീർപ്പാക്കിയിട്ടുള്ളതും ശേഷിക്കുന്ന അപേക്ഷകൾ തീർപ്പാക്കി വരുന്നതുമാണ്.<br><br>ബന്ധപ്പെട്ട രേഖകൾ, റിപ്പോർട്ടുകൾ എന്നിവ ലഭ്യമാക്കി പരിശോധിച്ചും ആവശ്യമെങ്കിൽ സ്ഥലപരിശോധന നടത്തിയും, നിയമം/ചട്ട പ്രകാരം ആവശ്യമായ നടപടിക്രമങ്ങൾ കൃത്യമായി |

| | | | |
|---|---|---|---|
| | | | പാലിച്ചുകൊണ്ട്, മുൻഗണനാക്രമം പാലിച്ചു കൊണ്ട് വളരെ സൂക്ഷ്മതയോടെയും അവധാനതയോടെയുമാണ് തരം മാറ്റ അപേക്ഷകൾ സംബന്ധിച്ച ഫയലുകൾ തീർപ്പു കൽപ്പിക്കുന്നത്. കൂടാതെ, തരം മാറ്റവുമായി ബന്ധപ്പെട്ട് ഫീസ് ഒടുക്കുന്നതിൽ അപേക്ഷകർ വരുത്തുന്ന കാലതാമസവും അപേക്ഷകൾ യഥാസമയം തീർപ്പാക്കുന്ന പ്രക്രിയയെ ബാധിക്കുന്നുണ്ട്. |
| (എഫ്) | ഭൂമി തരംമാറ്റ ഉത്തരവ് നൽകുന്നതല്ലാതെ തരംമാറ്റി അംഗീകാരം നൽകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എഫ്) | ഇപ്രകാരമുള്ള പ്രത്യേക പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിലും, അർഹതപ്പെട്ട അപേക്ഷകൾ തീർപ്പാക്കുന്നതിന് അനാവശ്യ കാലതാമസം വരുത്തരുതെന്ന്, അവലോകനയോഗം കൂടി, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (ജി) | 2022- ൽ അപേക്ഷിച്ച് ആർ.ഡി.ഒ. തരംമാറ്റ ഉത്തരവ് നൽകി സർവ്വെയർമാർ വീണ്ടും സർവ്വെ നടത്തി റിപ്പോർട്ട് നൽകിയ എത്ര അപേക്ഷകൾ താലൂക്ക് ഓഫീസുകളിൽ കെട്ടികിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഈ അവസ്ഥയ്ക്ക് കാരണമെന്താണെന്നും ഭൂമിയുടെ തരംമാറ്റൽ ത്വരിതപ്പെടുത്താൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ? | (ജി) | കാഞ്ഞങ്ങാട് റവന്യൂ ഡിവിഷണൽ ആഫീസ് പരിധിയിലെ, ഹോസ് ദുർഗ്ഗ് താലൂക്ക് പരിധിയിൽപ്പെടുന്ന 52 അപേക്ഷകളും, വെള്ളരിക്കുണ്ട് താലൂക്ക് പരിധിയിൽപ്പെടുന്ന 4 അപേക്ഷകളും ഉൾപ്പെടെ, ആകെ 56 കേസുകൾ ഇപ്രകാരം ശേഷിക്കുന്നുണ്ട്.<br><br>സർവ്വെ സംബന്ധമായ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനാൽ, നിയമപ്രകാരം ആവശ്യമായ നടപടികൾ സ്വീകരിച്ച് സർവ്വെ നടപടികൾ പൂർത്തീകരിക്കുന്നതിനായാണ് ഇക്കാര്യത്തിൽ കാലതാമസം ഉണ്ടായത്. ജീവനക്കാരുടെ അപര്യാപ്തത ഉണ്ടെങ്കിൽ, ആയതു പരിഹരിച്ച് ഈ പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.<br><br>കൂടാതെ, റിപ്പോർട്ടുകൾ/രേഖകൾ മുതലായവ പൂർണ്ണമായും ലഭ്യമായിട്ടുള്ള അർഹതപ്പെട്ട അപേക്ഷകൾ തീർപ്പാക്കുന്നതിന് അനാവശ്യ കാലതാമസം വരുത്തരുതെന്ന്, അവലോകനയോഗം കൂടി, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദേശം നൽകിയിട്ടുള്ളതുമാണ്. അതോടൊപ്പം, കുടിശ്ശിക അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിനും അനുബന്ധ ചട്ടങ്ങൾക്കും കീഴിൽ ആർ.ഡി.ഓ മാർക്ക് നിർണ്ണയിച്ചിട്ടുള്ള അധികാരങ്ങൾ പൂർണ്ണമായോ ഭാഗികമായോ വിനി യോഗിക്കുന്നതിന് ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർക്ക് |

| | | | |
|---|---|---|---|
| | | | അധികാരം നൽകി നിയോഗിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള 2023-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം 07.06.2024-ന് നിലവിൽ വന്നിട്ടുണ്ട്. അതനുസരിച്ച് സംസ്ഥാനത്തെ ആർ.ഡി.ഓ മാർ നിലവിൽ നിർവ്വഹിച്ച് വരുന്ന ചുമതലകൾ ഡെപ്യൂട്ടി കളക്ടർമാർക്ക് കൂടി നൽകി കൊണ്ട് തരം മാറ്റ അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കിക്കൊണ്ട് പരാതികൾ ഒഴിവാക്കുന്നതിന് കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം എ

| RDO ഓഫീസ് | അപേക്ഷകളുടെ എണ്ണം |
| --- | --- |
| കാസറഗോഡ് | 1363 |
| കാഞ്ഞങ്ങാട് | 4356 |
| ആകെ | 5719 |

## <u>അനുബന്ധം ബി</u>

| RDO ഓഫീസ് | സർക്കാരിന് ലഭിച്ച വരുമാനം |
|---|---|
| കാസറഗോഡ് | 6,93,39,646/- |
| കാഞ്ഞങ്ങാട് | 11,24,27,350/- |
| ആകെ | 18,17,66,996/- |

**അനുബന്ധം സി**

| RDO ഓഫീസ് | **തീർപ്പ് കല്പിക്കാൻ ബാക്കിയുള്ള അപേക്ഷകളുടെ എണ്ണം** |
|---|---|
| കാസറഗോഡ് | 697 |
| കാഞ്ഞങ്ങാട് | 4109 |
| **ആകെ** | **4806** |